(സി) ഉണ്ടെങ്കിൽ മൊത്തം എത്ര വരുമാനമാണ് ഇതിൽ നിന്നും പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) നിലവിൽ ക്ഷേത്രങ്ങളുടെ വരുമാനത്തിന്മേൽ നികുതിയൊന്നും തന്നെ ചുമത്തി വരുന്നില്ല.

എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുന്ന ക്ഷേത്രങ്ങൾ

81 [760] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുന്ന പ്രമുഖ ക്ഷേത്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈശ്വര വിശ്വാസികളായ ഇതര മതസ്ഥർക്കും ക്ഷേത്രാരാധന നടത്തുവാനുതകുന്ന നിയമം ആവിഷ്കരിക്കുവാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ക്ഷേത്രദർശനം നടത്തുന്നതിന് വിലക്കേർപ്പെടുത്തുന്നവരെ ബോധവത്ക്കരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശബരിമല, പമ്പ, എരുമേലി എന്നീ ക്ഷേത്രങ്ങളിൽ എല്ലാ മതസ്ഥർക്കും ആരാധനാ സ്വാതന്ത്ര്യമുണ്ട്.

(ബി & സി) ഈക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ക്ഷേത്രഭരണം സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതി

82 [761] ശ്രീ. കെ. മുഹമ്മദാലി :
,, കെ. സുധാകരൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലിരിക്കുന്ന ക്ഷേത്രഭരണം സംബന്ധിച്ച നിയമങ്ങളിൽ ഭേദഗതിവരുത്താനുദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയമത്തിന് എന്തെല്ലാം ഭേദഗതി വരുത്തുവാൻ ആണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly